**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

# അപ്പീൽ പരാതി നമ്പർ: P/055/2023

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: ജനുവരി-22-2024**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. സി. മോഹനൻ (സെക്രട്ടറി),<br>നല്ലേപ്പിള്ളി മിൽക്ക് പ്രൊഡ്യൂസഴ്സ്<br>കോ -ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്,<br>നമ്പർ. പി. 128 (ഡി) എ. പി. സി. ഓ. എസ്.,<br>നല്ലേപ്പിള്ളി പി.ഓ., പാലക്കാട്. |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>ചിറ്റൂർ, പാലക്കാട് ജില്ല. |

## ഉത്തരവ്

### പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതിക്കാരനായ ശ്രീ. മോഹനൻ നല്ലേപ്പിള്ളി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ സെക്രട്ടറിയാണ്. നല്ലേപ്പിള്ളി ക്ഷീരോൽപാദക സഹകരണസംഘം ആനന്ദ് മാതൃക സഹകരണ സംഘമായി രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരകർഷകരുടെ ഒരു സഹകരണ സംഘമാണ്. ഈ സ്ഥലം KSEBL (ലൈസൻസി) യുടെ കൊഴിഞ്ഞാമ്പാറ ഇലക്ട്രിക് സെക്ഷന്റെ കീഴിലുള്ള ഒരു ഉപഭോക്താവാണ്. 1820W കണക്റ്റഡ് ലോഡിൽ LT VII A താരിഫിൽ 04/06/2009-ലാണ് പ്രസ്തുത സംഘം കണക്ഷൻ എടുത്തിട്ടുള്ളത്. കർഷകരിൽ നിന്ന് പാൽ ശേഖരിച്ച് പ്രോസസിംഗ് കേന്ദ്രത്തിലേക്കയക്കുന്ന ഒരു പ്രാഥമിക സംഘമാണ് ഇത്. കയറ്റി അയക്കുന്നതിനിടയിലുള്ള സമയത്ത് പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ സഹായത്തിലൂടെ മിൽക്ക് കൂളർ എന്ന മെഷീൻ സ്ഥാപിക്കുകയും അങ്ങനെ കണക്റ്റഡ്

ലോഡ് 2016-17-ൽ 20.410kW ആയി ഉയർത്തുകയും ചെയ്തു. ഈ സംഘത്തിന്റെ താരിഫ് 5B യിലേക്ക് മാറ്റുന്നതിനായി അപേക്ഷ നൽകുകയും അങ്ങനെ 2019 ജനുവരി മുതൽ 5B താരിഫ് നിശ്ചയിക്കുകയും ചെയ്തു. എന്നാൽ ലൈസൻസി 2019 ജൂണിൽ താരിഫ് വീണ്ടും 7A യിലേക്ക് മാറ്റുകയും ഇളവ് അനുവദിച്ച തുകയായ 1,39,134/- രൂപ തിരിച്ചടപ്പിക്കുകയും ചെയ്തു. മാർച്ച് 2023ൽ താരിഫ് 5B യിലേക്ക് മാറ്റാൻ അപേക്ഷിച്ചെങ്കിലും നടപടിയാകാത്തതിനാൽ CGRF-ന് പരാതി നൽകുകയും അതിന്റെ ഉത്തരവ് 27/09/2023 ൽ പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഓർഡർ പ്രകാരം 25/06/2022 മുതലാണ് താരിഫ് 5B യിലേക്ക് മാറ്റിയത്. ഇതിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം നൽകിയിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

ഞങ്ങളുടെ സ്ഥാപനം പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ നല്ലേപ്പിള്ളി എന്ന സ്ഥലത്ത് പ്രവർത്തിച്ചുവരുന്ന ഒരു പ്രാഥമിക ക്ഷീര സഹകരണ സംഘമാണ്. പാവപ്പെട്ട ക്ഷീര കർഷകർ ചേർന്നാണ് ഈ സംഘം രൂപികരിച്ചി ട്ടുള്ളത് അതിലെ അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകരിൽനിന്നും സംഭരി ക്കുന്ന പാൽ പ്രാദേശികമായി വിൽപ്പന നടത്തുകയും ബാക്കിവരുന്ന പാൽ പാലക്കാട് ഡയറിയിലേക്ക് അയക്കുകയുമാണ് ചെയ്യുന്നത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതും എന്നാൽ കാർഷികരംഗത്ത് പശുവളർത്തൽ പ്രോത്സഹിപ്പിക്കുന്നതിലൂടെ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതുമായ പ്രസ്ഥാനങ്ങളാണ് ക്ഷീരകർഷക സൊസൈറ്റികൾ അതിലൊന്നാണ് ഞങ്ങളുടെ സംഘവും.

മുൻകാലങ്ങളിൽ സംഘത്തിൽ മിച്ചം വരുന്ന പാൽ അതേ ഊഷ്മാവിൽ തന്നെ ഡയറിയിലേക്ക് അയക്കുന്ന രീതിയാണ് നിലനിന്നിരുന്നത്. പലപ്പോഴും പാൽ കേടാവുകയും അതുവഴി ക്ഷീരകർഷകർക്ക് ഭീമമായ നഷ്ടം സംഭവിക്കുക പതിവായിരുന്നു. ഇതിനു പരിഹാരമെന്ന നിലയിൽ ഭാരത സർക്കാർ ദരിദ്രരായ കർഷകരുടെ ക്ഷേമം മുൻനിർത്തി സംഘങ്ങളിൽ ശേഖരിക്കുന്ന പാൽ അവിടെത്തന്നെ തണുപ്പിച്ച ശേഷം ഡയറിയിലേക്ക് അയക്കുന്നതിനു വേണ്ടി രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന ബൃഹത് പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾക്ക് ബൾക്ക് മിൽക്ക് കൂളർ എന്ന മെഷീൻ നൽകുകയുണ്ടായി. ആ മെഷീൻ ഉപയോഗിച്ച് പാൽ നിലവിലെ അന്തരീക്ഷ ഊഷ്മാവിൽ നിന്നും തണുപ്പിക്കാൻ

സാധിക്കും. നിലവിലുള്ള പാൽ 10 ഡിഗ്രി സെൽഷ്യസിൽ താഴെ തണുപ്പിച്ചാൽ സുരക്ഷിതമായി ഡയറിയിൽ എത്തിക്കുവാൻ സാധിക്കും. തണുപ്പിച്ച പാലിനും തണുപ്പിക്കാത്ത പാലിനും ഒരേ വിലയാണ് മിൽമ നിശ്ചയിച്ചിട്ടുള്ളത്. അവിടെ വീണ്ടും തണുപ്പിക്കുന്നതിനും പാസ്ചറൈസേഷൻ സ്റ്റാൻഡേർഡൈസേഷൻ മുതലായ പ്രവർത്തികൾ ചെയ്യുന്നതിനുമുള്ള സംവിധാനം ലഭ്യമാണ്. പാലിന്റെ ലഭ്യതയും സമയദൈർഘ്യവും ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമതയും കണക്കിലെടുത്ത് 4 ഡിഗ്രി സെൽഷ്യസിൽ വരെ തണുപ്പിക്കാൻ കഴിവുള്ള മെഷീനുകളാണ് ഞങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ളത്. എന്നാൽ പലപ്പോഴും 4 ഡിഗ്രി സെൽഷ്യസ് വരെ തണുപ്പിക്കാൻ അവസരം ലഭിക്കാറില്ല.

ഞങ്ങളുടെ സംഘത്തിൽ കൂളർ സ്ഥാപിച്ചപ്പോൾ കറണ്ട് ചാർജ്ജ് കൂടുകയും കറണ്ട് ചാർജ്ജ് അടയ്ക്കുവാൻ ഏറെ പ്രയാസപ്പെടേണ്ടതായും വന്നു. ഇതേ അവസ്ഥയാണ് മറ്റെല്ലാ സംഘങ്ങളും അനുഭവിച്ച് വരുന്നത്. സംഘത്തിന്റെ താരിഫ് 5B യിലേക്ക് മാറ്റി തരുന്നതിനായി 31/08/2018-ന് കൊഴിഞ്ഞാമ്പാറ സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അപേക്ഷ നൽകുകയും അതിൻപ്രകാരം 2019 ജനുവരി മുതൽ താരിഫ് 5B യിലേക്ക് മാറ്റി തന്നിരുന്നു. എന്നാൽ 2019 ജൂണിൽ താരിഫ് വീണ്ടും 7A യിലേക്ക് മാറ്റുകയും ഇളവ് അനുവദിച്ച് തന്നിരുന്ന തുകയായ 139134/- രൂപ പൂർണ്ണമായും ഒറ്റതവണയായി 29/07/2019-ന് തിരികെ അടപ്പിച്ചു. 20/03/2023 നു താരിഫ് മാറ്റി തരുന്നതി നായി വീണ്ടും കൊഴിഞ്ഞാമ്പാറ സെക്ഷൻ ഓഫീസിലെ അസിസ്റ്റൻറ് എഞ്ചിനീയർക്കു അപേക്ഷ നൽകിയിരുന്നു .കെ എസ് ഇ ബി യിൽ നിന്നും മറുപടി ലഭിക്കാത്തതിനാൽ സി ജി ആർ എഫ് കോഴിക്കോട് മുൻപാകെ 10/ 04 / 2023 നു പരാതി സമർപ്പിച്ചു .

അതിൻ പ്രകാരം 12/07/2023-നു ഹിയറിംഗ് നടത്തുകയും 27/09/2023 ൽ ഓർഡർ നൽകുകയും ചെയ്തു . പ്രസ്തുത ഓർഡർ ഞങ്ങൾക്ക് 11/10/ 2023 നു ഓർഡിനറി പോസ്റ്റ് വഴി ലഭിച്ചു. ദൗർഭാഗ്യകരം എന്ന് പറയട്ടെ പ്രസ്തുത ഓർഡർ പ്രകാരം 25/06/2022 മുതലാണ് 5B താരിഫ് അനുവദിച്ചു തന്നിട്ടുള്ളത്. എന്നാൽ പാലക്കാടു ജില്ലയിലും കാസർകോഡ് ജില്ലയിലും വയനാട് ജില്ലയിലു മുള്ള ക്ഷീര സഹകരണ സംഘങ്ങൾ സമാന രീതിയിലുള്ള പരാതിയിൽ ബഹുമാനപ്പെട്ട സി ജി ആർ എഫ് മുൻപാകെ നൽകിയപ്പോൾ അവർ കെ എസ് ഇ ബി യിൽ താരിഫ് മാറ്റത്തിനായി അപേക്ഷിച്ചനാൾ മുതൽ താരിഫ് മാറ്റി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സമാനരീതിയിലുള്ള പരാതികളിൽ ബഹുമാനപ്പെട്ട ഓംബുഡ്സ്മാനും അപേക്ഷിച്ച നാൾ മുതൽ താരിഫ് മാറ്റി നൽകാനാണ് ഓർഡർ നൽകിയിട്ടുള്ളത്.

പ്രസ്തുത ഓർഡറുകൾ എല്ലാം തന്നെ കെ എസ് ഇ ബിയുടെ KSEBL/TRAC/Tarriff Rivision/2017-18/4103 തിയതി 13/07/2017 അനുസരിച്ചാണ് നൽകിയിട്ടുള്ളത്. പാലക്കാട് ജില്ലയിൽ തന്നെ സമാനരീതിയിൽ പരാതി നൽകിയ മറ്റു പത്തോളം സംഘങ്ങൾക്ക് അപേക്ഷ തിയ്യതി മുതലാണ് താരിഫ് മാറ്റി നൽകിയിട്ടുള്ളത്. സപ്ലൈ കോഡ് 2014 റെഗുലേഷൻ 98 (2 ) പ്രകാരം താരിഫ് മാറ്റത്തിനു അപേക്ഷ നൽകി 7 ദിവസത്തിനകം പരിശോധന നടത്തി അന്നു മുതൽ താരിഫ് മാറ്റി നൽകണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് അതനുസരിച്ചാണ് അപേക്ഷിച്ച തിയ്യതി മുതൽ മറ്റുസംഘങ്ങൾക്ക് താരിഫ് മാറ്റുന്നതിനായി ഉത്തരവു കൾ പുറപ്പെടുവിച്ചിട്ടുള്ളത് .സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസ് റെഗുലേഷൻ 2015 13 (1)ൽ ഇത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

സപ്ലൈ കോഡ് 2014 റെഗുലേഷൻ 98 (2) പ്രകാരം ഞങ്ങളിൽ നിന്നും അധികമായി ഈടാക്കിയ തുക കെ എസ് ഇ ബി മടക്കി നൽകേണ്ടതാണ്. KSEBL/TRAC/Tariff rivision /2017-2018/4103 തിയ്യതി 13/07/2017 പ്രകാരം ഞങ്ങൾക്ക് 2019 ജനുവരി മുതൽ 2019 മെയ്യ്മാസം വരെ VB താരിഫ് അനുവദിച്ചു തന്നു. അതു വീണ്ടും A യിലേക്ക് കാരണം കാണിക്കാതെ 2019 ജൂണിൽ മാറ്റുകയും 139134/- രൂപാ പൂർണ്ണമായും ഒറ്റ തവണയായി അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും ഞങ്ങൾ താരിഫ് മാറ്റി V B യിലേക്ക് തരുന്നതിനു വേണ്ടി പല പ്രാവശ്യം അപേക്ഷ നൽകിയിട്ടുണ്ട് . 20/03/21 ലും ഞങ്ങൾ അപേക്ഷ നൽകി എന്നാൽ യാതൊരു വിധ മറുപടിയും ഞങ്ങൾക്ക് കെ എസ് ഇ ബി യിൽ നിന്ന് ലഭിച്ചില്ല .

ഞങ്ങളുടെ സ്ഥാപനത്തിനും ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻറെയും സി ജി ആർ എഫിൻറെയും ഓർഡർ പ്രകാരം ഞങ്ങളുടെ സഹോദര സ്ഥാപനങ്ങൾക്ക് ലഭിച്ച രീതിയിൽ മുൻകാല പ്രാബല്യ ത്തോടെ 2019 ജനുവരി മുതൽ VB താരിഫ് അനുവദിച്ചു തരാൻ ഉത്തരവാകണം. 2019 ജൂലൈ 29 നു ഞങ്ങളിൽനിന്നും ഈടാക്കിയ 139134 /- രൂപാ തിരികെ തരാൻ ഉത്തരവുണ്ടാകണം. മേൽ സൂചിപ്പിച്ച കാര്യങ്ങൾ എല്ലാം തന്നെ സത്യമാണ്. തെറ്റായ കാര്യങ്ങൾ രേഖപ്പെടുത്തുകയോ അറിയാവുന്ന കാര്യങ്ങൾ മറച്ചു വെക്കുകയോ ചെയ്തിട്ടില്ല.

## എതിർ കക്ഷിയുടെ വാദം

നല്ലേപ്പിള്ളി ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ പ്രവർത്തന ആവശ്യങ്ങൾക്കായി, 1820 Watts കണക്ട് ലോഡിൽ LT VII A താരിഫിൽ 04/06/2009-ൽ ആണ്, KSEBL ന്റെ കൊഴിഞ്ഞാമ്പാറ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ഈ വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്. പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി പിന്നീട് 2016-17 കാലയളവിൽ ഈ പ്രിമൈസസിലെ കണക്ടഡ് ലോഡ് ത്രീഫേസ് 20410 Watts ആയി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. 24/05/2023 ൽ ഈ ക്ഷീരസഹകരണസംഘത്തിന്റെ താരിഫ് 06/2022 മുതലുള്ള മുൻകാല പ്രാബല്യത്തോടെ LTVB താരിഫിലേക്ക് മാറ്റിയിട്ടുണ്ട്.

Clarification and Corrigenda Notification എന്ന നിലയിൽ ഷെഡ്യൂൾ ഓഫ് ONS KSEBL 13/07/2017-ൽ No. KSEBL/TRAC/Tomff Revision/2017-18/403 ആയി ഇറക്കിയിരുന്ന സർക്കുലറിൽ ചില നിബന്ധനകൾക്ക് വിധേയമായി ഡയറിഫാമുകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും LTVB അഗ്രികൾച്ചറൽ താരിഫ് അനുവദിക്കുന്നതായി അറിയിച്ചിരിക്കുന്നു. ഈ ഒരു ഘട്ടത്തിലാണ് 31/08/2018-ൽ പരാതിക്കാരൻ കൊഴിഞ്ഞാമ്പാറ ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ അപേക്ഷയ മുൻനിർത്തി 2019 ജനുവരിയിൽ ഈ സംഘത്തിന്റെ താരിഫ് LTVB യിലേക്ക് മാറ്റിയത്. എന്നാൽ മേൽ സൂചിപ്പിച്ച നിബന്ധനകളെ സംബന്ധിച്ചുള്ള അവ്യക്തത കേരളത്തിലുള്ള സമാനമായ മറ്റു സഹകരണ സംഘങ്ങളിലേതുൾപ്പെടെ ആഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് നിബന്ധനകളുടെ പരിധിയിൽ ഈ സംഘത്തിലെ വൈദ്യുതി ഉപയോഗരീതി വന്നിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് 2019 ജൂണിൽ ടി സംഘത്തിന്റെ താരിഫ് വീണ്ടും LT VII A യിലേക്ക് തന്നെ മാറ്റപ്പെട്ടത്. ആയതിനെ തുടർന്ന്, ഇളവ് അനുവദിച്ചിരുന്ന തുകയായ RS.1,39,134/- രൂപ പരാതിക്കാരൻ KSEBL ൽ തിരികെ അടച്ചിട്ടുമുണ്ട്.

മേൽപറഞ്ഞ നിബന്ധനകളെ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട്, 02/05/2019-ൽ KSEBL-ന്റെ TRAC വിഭാഗത്തിൽ നിന്നും നൽകപ്പെട്ട ലെറ്ററിലും 15/02/2020-ൽ KSEBL ന്റെ Chief Internal Auditor ക്ക് നൽകിയ Note ലും വ്യക്തമായി പറഞ്ഞിട്ടുള്ളത്, താഴെ പറയുന്ന രീതിയിലാണ്.

a. കർഷകരിൽ നിന്ന് പാൽ ശേഖരിക്കുകയും ആയത് പ്രോസ്സസിംഗ് യൂണിറ്റിലേക്ക് കൈമാറ്റം ചെയ്യുകയും മാത്രം ചെയ്യുന്ന സ്റ്റോറേജ് സംവിധാനമല്ലാതെ) സംഘങ്ങൾക്ക് LTVB താരിഫ് അനുവദനീയമാണ് എന്നും.

b. Storage (സംഭരണം) സംവിധാനം ഉള്ള ഇത്തരം സഹകരണ സംഘങ്ങൾ, ആകെ കണക്റ്റഡ് ലോഡിന്റെ 10% വരെ മാത്രമേ Storage സംവിധാനങ്ങൾക്കായി ഉപയോഗിക്കുന്നുള്ളൂ എങ്കിൽ, അത്തരം പ്രിമൈസസുകളിലെ സംഘങ്ങൾക്ക് LTVB താരിഫ് അനുവദിക്കാമെന്നും ഈ നിബന്ധനകൾ, പാലിക്കപ്പെട്ടില്ലായെങ്കിൽ അത്തരം സംഘങ്ങൾ LT VIIA താരിഫിൽ തന്നെ തുടരേണ്ടതാണെന്നും വ്യക്തമായി പറഞ്ഞിട്ടുണ്ട്.

കൂടാതെ, ഇക്കാര്യങ്ങൾ Honble KSERC യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും, KSERC-യുടെ Next Tarff Revision Order-ൽ ഇതു സംബന്ധിച്ച് വ്യക്തമായ തീരുമാനമുണ്ടാകുമെന്നും അതുവരെ, മേൽപ്പറഞ്ഞ നിബന്ധനാ രീതികൾ പിന്തുടരണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു. ഇവിടുത്തെ പരാതിക്കാരായ നല്ലേപ്പിള്ളി ക്ഷീര സഹകരണ സംഘത്തിൽ, വലിയ ടാങ്കുകളിൽ സംഭരിച്ച പാൽ തണുപ്പിക്കുന്നതിനും ശീതീകരിക്കുന്നതിനും വേണ്ടിയാണ് അടിസ്ഥാനപരമായി വൈദ്യുതി ഉപയോഗിക്കുന്നത്.

Honbl'e KSERC മുൻപാകെ KSEBL നൽകിയ Representation നും അതുപോലെ ഇത്തരത്തിലുള്ള നിരവധി ക്ഷീരസംഘങ്ങൾ ഹിയറിംഗിൽ പങ്കെടുത്തു നൽകിയ വിശദീകരണങ്ങളുമെല്ലാം കണക്കിലെടുത്ത്, Honbl'e കമ്മീഷൻ, 2022 JUNE 25 തിയ്യതിയിലെ ഗസറ്റ് വിജ്ഞാനപ്രകാരം മാത്രമാണ് ബൾക്ക് കൂളർ ഘടിപ്പിച്ചിട്ടുള്ള പാൽ വിതരണ സൊസൈറ്റികളുടെ താരിഫ് LTVB യിലേക്ക് മാറ്റിയിട്ടുള്ളത്.

മേൽപ്പറഞ്ഞ രീതിയിൽ പരിഷ്ക്കരിക്കപ്പെട്ട താരിഫ് ഓർഡർ 25/06/2022-ൽ പ്രാബല്യത്തിൽ വരികയും ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരൻ ക്ഷീര സഹകരണ സംഘത്തിന്റെ താരിഫ് 25/06/2022 തിയ്യതിയിൽ വച്ച് പുനർനിർണയം നടത്തി നൽകുകയും ചെയ്തിട്ടുണ്ട്. കാര്യങ്ങൾ, ഇങ്ങനെയിരിക്കെ 25/06/2022 തിയ്യതിക്ക് മുൻപുള്ള താരിഫ് മാറ്റം അനുവദിച്ചു നൽകുവാൻ നിർവ്വാഹമില്ല.

## പരാതിക്കാരന്റെ എതിർ വാദം

Clarification of Corrigenda Notification എന്ന നിലയിൽ ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശാനുസരണം KSEB, 13/07/2017-ൽ നമ്പർ KSEBL/TRAC/THARIFF REVISION/2017-18/4103 ആയി ഇറക്കിയിരിക്കുന്ന സർക്കുലറിൽ ക്ഷീര സഹകരണ സംഘങ്ങൾക്ക് LT VB താരിഫ് അനുവദി ച്ചിരുന്നു അതിൽ യാതൊരു അവ്യക്തതയും ഉണ്ടായിരുന്നില്ല അതനുസരിച്ചാണ് ഞങ്ങളുടെ താരിഫ് 2019 ജനുവരിയിൽ LT VB യിലേക്ക് മാറ്റിയത് .

ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 28/06/2017-ലെ CORRIGENDA NOTIFICATION അനുസരിച്ചാണ് KSEBL 13/07/2017-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. അതിന് പ്രകാരം മൂന്ന് വ്യത്യസ്ത വിഭാഗത്തിലുള്ള ഉപഭോക്താക്കളെ LT VB താരിഫിലേക്കു മാറ്റി യിട്ടുണ്ട്. അതിൽ (ബി) വിഭാഗം താഴെ പറയുന്ന പ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. [b] LT V[b] Agriculture tariff is also applicable to primary milk producer's co-operative societies, the primary function of which is the collection of milk from the farmers and sell the same to processing units in bulk. മുകളിൽ കാണിച്ച വിഭാഗത്തിലാണ് ഞങ്ങളുടെ സൊസൈറ്റി ഉൾപെട്ടിട്ടുള്ളത്.

13/07/2019-ലെ ksebl-ന്റെ സർക്കുലറിൽ യാതൊരു വിധ അവ്യക്തത ഇല്ലെന്നും അതിൽ പ്രതിപാദിച്ചിട്ടുള്ള മൂന്ന് വിഭാഗങ്ങളും തമ്മിൽ കൂട്ടി യോജിപ്പിക്കേണ്ട ആവശ്യമില്ലെന്നും ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ P/051/2019-ലെ വിധിയിൽ മാനന്തവാടി ക്ഷീരോൽ പാദക സംഘത്തിന്റെ അപ്പീൽ പരാതി അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് വ്യക്തമാക്കിയിട്ടുണ്ട്. ഇതേരീതിയിലുള്ള കണ്ടെത്തലുകളും വിധിയുമാണ് അപ്പീൽ നമ്പർ P/09/2022-ൽ പുറപ്പെടുവിച്ച വിധിയിൽ വ്യക്തമാക്കിയിട്ടുള്ളത്. വാൽകുളമ്പു ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ അപ്പീൽ പരാതി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്

പാലക്കാട് ജില്ലയിൽത്തന്നെ ഒട്ടനവധി ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്ക് അവർ അപേക്ഷിച്ച നാൾ മുതൽ 7എ താരിഫിൽ നിന്നും 5B താരിഫിലേക്കു ബഹുമാനപ്പെട്ട കോഴിക്കോട് CGRF മാറ്റി നൽകികൊണ്ട് ഉത്തരവായിട്ടുണ്ട്. കാസർഗോഡ് ജില്ലയിലും ക്ഷീരോൽപാദകസംഘങ്ങൾക്കു സമാന ഉത്തരവുകളാണ് ലഭിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിൽ തന്നെയുള്ള മംഗലംഡാം ക്ഷീരോത്പാദക സംഘത്തിനും (പരാതി നമ്പർ 33/2023) പന്തപ്പറമ്പ്

ക്ഷീരോൽപാദക സംഘത്തിനും (പരാതി നമ്പർ 34/2023) 18/11/2023-ലെ ഉത്തരവ് പ്രകാരവും ചിറ്റിലഞ്ചേരി ക്ഷീരോപാദക സഹകരണ സംഘത്തിന് (പരാതി നമ്പർ 38/2023) 06/02/2023-ലെ ഉത്തരവ് പ്രകാരവും ബഹുമാനപ്പെട്ട കോഴിക്കോട് CGRF സംഘങ്ങൾ അപേക്ഷിച്ച അന്നു മുതൽ താരിഫ് മാറ്റി കൊടുത്തിട്ടുണ്ട്. 2017 ജൂൺ 26-ലെ ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ്പ്രകാരമാണ് താരിഫ് മാറ്റുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഞങ്ങളുടെ സംഘത്തിന് 2019-ജനുവരി മുതൽ മുൻകാല പ്രാബല്യത്തോടെ VB താരിഫ് അനുവദിച്ചു നൽകാൻ ഉത്തരവാകണം. 2019 ജൂലൈ 29-ന് ഞങ്ങളിൽ നിന്നും ഈടാക്കിയ 139134/- രൂപാ തിരികെ തരുവാൻ ഉത്തരവുണ്ടാകണം. മേൽ സൂചിപ്പിച്ച കാര്യങ്ങൾ എല്ലാം തന്നെ സത്യമാണ്. തെറ്റായ കാര്യങ്ങൾ രേഖപ്പെടുത്തുകയോ അറിയാവുന്ന കാര്യങ്ങൾ മറച്ചു വെക്കുകയോ ചെയ്തിട്ടില്ല.

## വിശകലനവും കണ്ടെത്തലുകളും

ഈ കേസിൽ വിശദമായ വാദം കേൾക്കൽ 10/01/2024, 3:00ന് കെ. എസ്. ഇ. ബി., പാലക്കാട്, ഐ ബി കോൺഫെറൻസ് ഹാളിൽ വെച്ച് നടന്നു. പരാതിക്കാരന്റെ ഭാഗത്തുനിന്നും ശ്രീ. ജയകുമാർ സി. കെ., ശ്രീ. സി. മോഹനൻ, എതിർകക്ഷിയായ ശ്രീമതി. എം. വി. ദിവ്യ പ്രഭ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലെക്ട്രിക്കൽ സബ് ഡിവിഷൻ, KSEBL-ഉം കൂടാതെ ശ്രീ. രാജു കെ. ആർ., നോഡൽ ഓഫീസറും (ലിറ്റിഗേഷൻ, പാലക്കാട് ) പങ്കെടുത്തു.

നല്ലേപ്പിള്ളി ഷീരോൽപാദക സഹകരണ സംഘം പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഒരു പ്രാഥമിക ഷീരസഹകരണ സംഘമാണ്. ക്ഷീര കർഷകർ അംഗങ്ങളായി സ്ഥാപിച്ചിട്ടുള്ള ഈ സ്ഥാപനം ക്ഷീരകർഷകരിൽ നിന്ന് പാൽ സംഭരിച്ച് പ്രാദേശികമായി വിൽപ്പന നടത്തുകയും ബാക്കി വരുന്ന പാൽ പാലക്കാട് ഡയറിയിലേക്ക് അയയ്ക്കുകയും ആണ് ചെയ്യുന്നത്. മിൽമയുടെ ഡയറികളിൽ സംഭരിക്കുന്ന പാൽ പ്രോസസിംഗ് നടത്തി പാലായും മറ്റു ഉൽപ്പന്നങ്ങളായും വിപണനം നടത്തുന്നു. രാജ്യത്ത് പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി പാൽ ഉൽപാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വേണ്ടിയാണ് ഇത്തരം പ്രാഥമിക സംഘങ്ങളും മിൽമയും അതിനോടനുബന്ധിച്ചുള്ള ഡയറി സംവിധാനങ്ങളും നിലവിൽ വന്നത്. പശുവിൽ നിന്ന് കറന്നെടുക്കുന്ന പാൽ നിശ്ചിത സമയത്തിനകം പ്രോസസിംഗ് കേന്ദ്രങ്ങളിൽ എത്തിച്ചില്ലെങ്കിൽ അത് നാശമാകാനും അതുവഴി സംഘങ്ങൾക്കും തദ്വാരാകർഷകർക്കും നഷ്ടങ്ങൾ സംഭവിക്കാം. ഇത്തരം നഷ്ടങ്ങൾ ഒഴിവാക്കാൻ വേണ്ടി കേന്ദ്രസർക്കാർ 'രാഷ്ട്രീയ കൃഷി വികാസ് യോജന' എന്ന പദ്ധതി വഴി ഇത്തരം സഹകരണ സംഘങ്ങൾക്ക് Bulk

Milk Cooler എന്ന മെഷീനുകൾ നൽകുകയുണ്ടായി. അങ്ങനെ പാൽ തണുപ്പിച്ച ശേഷം കൊടുത്തയക്കുക വഴി കേടാകുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയുന്നു.

കണക്ഷൻ ലഭിച്ച 04/06/2009 ൽ ഉണ്ടായിരുന്ന 1820kW കണക്ടഡ് ലോഡ് Milk Cooler സ്ഥാപിതമായതോടെ 2016-17ൽ 20.410kW ആയി മാറി. ഈ സ്ഥാപനത്തിന്റെ കറണ്ട് ചാർജ് LT VIIA താരിഫിൽ ആണ് ബില്ല് ചെയ്തിരിക്കുന്നത്. ലൈസൻസി 13/ 07/2017 ഇറക്കിയുള്ള സർക്കുലർ പ്രകാരം LT VB താരിഫ് ആർക്കൊക്കെ ബാധകമാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

**LT V (B) Agriculture:**

a) "LT V (B) Agriculture tariff is applicable to the Dairy farms which have facilities for collection and storing of milk, till it is sent to the processing units."
b) "LT V (B) Agricultural tariff is also applicable to primary milk producers co-operative societies, the primary function of which is the collection of milk from the farmers and to sell the same to processing units in bulk."
c) "LT V (B) Agricultural tariff is also applicable to facilities for processing of milk including pasteurization and its storage and packaging or for retail sale outlets, if the connected load for such facilities or sale outlets does not exceed 10% of the total connected load."

31/08/2018-ൽ തന്നെ ഈ സഹകരണ സംഘം താരിഫ് 5B യിലേക്ക് മാറ്റി കിട്ടുന്നതിനുവേണ്ടി അപേക്ഷ നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ താരിഫ് ജനുവരി 2019 മുതൽ 5B യിലേക്ക് മാറ്റി നൽകുകയുണ്ടായി. എന്നാൽ ജൂൺ 2019 ൽ ഇത് വീണ്ടും LT VIIA യിലേക്ക് മാറ്റുകയും ഇളവ് അനുവദിച്ചിരുന്ന അധിക തുകയായ Rs. 1,39,134/- രൂപ തിരികെ അടപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിന് എതിർകക്ഷിയുടെ വാദം ഈ നിബന്ധനകളെ സംബന്ധിച്ചുള്ള അവ്യക്തത ഉണ്ടായിരുന്നു എന്നും അത് ആഡിറ്റ് വിഭാഗം ചൂണ്ടിക്കാണിക്കുകയും ചെയ്തു എന്നതാണ്. വൈദ്യുത നിയമം സെക്ഷൻ 86 പ്രകാരം അതാത് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷനുകൾക്ക് താരിഫ് നിശ്ചയിക്കാൻ അധികാരം നൽകുന്നു. ഇങ്ങനെ താരിഫ് നിർണയിക്കുമ്പോൾ രാജ്യത്തിന്റെ പുരോഗതിക്ക് അത്യാവശ്യമായ ചില സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചില ഇളവുകൾ നൽകാറുണ്ട്. അതാണ് താരിഫ് LTVB Agricultural tariff എന്നതിലൂടെ സാധിതമാക്കിയത്. അതിനുശേഷം ഇറക്കിയിട്ടുള്ള താരിഫ് ഉത്തരവുകളിലും ഇത് എടുത്തുപറയുന്നു.

**LT – V : AGRICULTURE (B) (LT -V (B)}**
The tariff under this category is applicable to the supply of electricity for the use of the following activities such as,-

(i) livestock farms, combination of livestock farms with dairy, poultry farms, rabbit farms, piggery farms, hatcheries,
(ii) silk worm breeding units, sericulture,
(iii) floriculture, tissue culture, agricultural and floricultural nurseries, mushroom culture,
(iv) aquaculture, fish farms including ornamental fish farms, prawn farms, other aqua farms, aquarium run by the Agency for Development of Aquaculture, Kerala, and
(v) cheenavala without fish farming and egger nurseries

**LT-V (B)- Agriculture**
Fixed Charge (Rs. per kW or part thereof per Month) - 15
Energy Charge (Rs/kWh) - 3.30

Note1:- General conditions relating to installation of capacitors will apply.

Note 2: LT-V (B). Agriculture tariff is applicable to the dairy farms, which have facilities for collection, chilling and storing of milk, till it is sent to the processing units, and also applicable to the primary milk producer's co-operative societies, the primary function of which is the collection of milk from the farmers and to sell the same to the processing units in bulk. This tariff will be also applicable for retail sales outlets if the connected load of sales outlets does not exceed 10% of the total-connected load.

Note3:- The electricity used for running electric motors for making rubber sheets from Latex by individual farmers shall be billed under LT-V-Agriculture (B) [LT-V(B)].

Note 4:- The electricity used for running Shredding machines used for powdering dry waste such as coconut leaves, coconut husk, grass etc by individual farmers.

മുകളിൽ ഉദ്ധരിച്ച താരിഫ് ഓർഡർ പ്രകാരം, LTVB താരിഫ് കർഷകരിൽ നിന്ന് പാൽ ശേഖരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാധകമാണെന്നു കാണാം.

ഇത്തരം പരാതികൾ മുൻപും CGRF കേൾക്കുകയും സഹകരണ സംഘങ്ങൾക്ക് അനുകൂലമായ ഉത്തരവുകൾ ഇറക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസിയുടെ 06/05/2023 ലെ ഉത്തരവും പ്രകാരം ഇത്തരം പരാതികളിൽ CGRF-ന്റെ ഉത്തരവുകൾ 45/22-23, 51/22-23, 60/22-23, 67/22-23, 69/22-23, 73/22-23 എന്നിവ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നു. അതുപോലെ CGRF(NZ) ന്റെ ഉത്തരവ് (പരാതി No. 34/23-24) ഇതിനുസമാനമായ പരാതിയിലാണ് എന്നതും ശ്രദ്ധേയമാണ്. കൂടാതെ P/51/2019, P/009/2022 എന്നീ സമാനമായ പരാതികളിൽ ഓംബുഡ്സ്മാൻ ഇറക്കിയ ഉത്തരവും സഹകരണ സംഘങ്ങൾക്ക് അനുകൂലമായതാണ്. P/51/2019ആം നമ്പർ പരാതിയിൽ ഓംബുഡ്സ്മാന്റെ ഉത്തരവ് താഴെ പറയും പ്രകാരമാണ്.

*"From the conclusions arrived at as detailed above, I decided to quash the short assessment bill for the period from 07/2018 to 10/2018 amounting to Rs. 2,94,297/- issued to the appellant. The respondent shall retain the appellant under LT V(B) tariff category"*

KSERC നിശ്ചയിച്ച താരിഫിൽ LTV(B) Agriculture എന്നത് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാധകമാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. സമാനമായ പരാതികളിൽ CGRF ന്റെ ഉത്തരവുകളിൽ ഇത്തരം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് LTV(B) താരിഫാണ് ബാധകം എന്ന് പ്രസ്താവിക്കുകയും അത് നടപ്പിലാക്കേണ്ടതാണെന്ന് ലൈസൻസി നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. അതുപോലെ സമാനമായ പരാതികളിൽ ഓംബുഡ്സ്മാന്റെ ഉത്തരവുകളും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് LTV(B) ആണ് നടപ്പിലാക്കേണ്ടത് എന്ന് പ്രസ്താവിച്ചിരിക്കുന്നു.

## <u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. അപ്പീൽ പരാതിക്കാരനായ നല്ലേപ്പിള്ളി ക്ഷീരസഹകരണ സംഘത്തിന് ജനുവരി 2019 മുതൽ LT V(B) താരിഫിലാണ് കറന്റ് ചാർജ് വസൂലാക്കേണ്ടത്.
2. LT VII(A) താരിഫ് വഴി അധികം ഈടാക്കിയിരിക്കുന്ന തുക തിരിച്ചുനൽകുകയോ വരുംകാല വൈദ്യുത ബില്ലിൽ ക്രമപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.
3. മറ്റു ചെലവുകൾ ഒന്നും അനുവദിക്കുന്നില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/055/2023/ തീയതി: 22/01/2024.

**അയക്കുന്നത്:**

1. ശ്രീ. സി. മോഹനൻ (സെക്രട്ടറി), നല്ലേപ്പിള്ളി മിൽക്ക് പ്രൊഡ്യൂസഴ്സ് കോ -ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, നമ്പർ. പി. 128 (ഡി) എ. പി. സി. ഓ. എസ്., നല്ലേപ്പിള്ളി പി.ഓ., പാലക്കാട്.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ചിറ്റൂർ, പാലക്കാട് ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, CGRF, വൈധ്യുതി ഭവനം, കെ.എസ്.ഇ.ബി. ലിമിറ്റഡ് , ഗാന്ധി റോഡ്, കോഴിക്കോട് - 673011.